7300/ഉപ.സി3/06/ഉ.ഭ.പ.വ.-ൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

ആശ്രിത നിയമനത്തിനുള്ള അനുപാതം

19 (5689) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിലേക്കുള്ള ആശ്രിതനിയമനത്തിനുള്ള അനുപാതം വ്യക്തമാക്കുമോ ; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമന ചട്ടങ്ങൾ 24-5-1999-ലെ സ.ഉ.(പി) 12/99/ഉ.ഭ.പ.വ.യിലാണ് പരാമർശിച്ചിട്ടുള്ളത്. എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിലെ നിയമനം അതാതു വകുപ്പിൽ നിലവിലുള്ളതോ ഉടൻ ഉണ്ടാകുന്നതോ ആയ ഒഴിവുകളിൽ നൽകേണ്ടതാണ്. ഇത് സാധ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ ടൈപ്പിസ്റ്റ്-ക്ലാർക്ക്, പാർട്ട് ടൈം കണ്ടിജന്റ് എന്നീ തസ്തികകളിലും നിയമനം നൽകാവുന്നതാണ്. ഇതും സാധ്യമല്ലാതെ വരുമ്പോൾ പൊതുഭരണ (CE സെൽ) വകുപ്പുവഴി ഒഴിവുകൾ അലോട്ടുചെയ്യുന്നുണ്ട്. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരും/ നിയമനാധികാരികളും എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ ഓരോ വർഷമുണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം ടി വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ തസ്തികകൾ കൂടാതെ അസിസ്റ്റന്റ്, ഓഡിറ്റർ, ലീഗൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ 5 ശതമാനം ഒഴിവുകളും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എൽ.ഡി കമ്പയിലർ എന്നീ തസ്തികകളിലെ 5% ഒഴിവുകളും പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നീ തസ്തികകളിലെ 10 ശതമാനം ഒഴിവുകളും പൊതുഭരണ (CE സെൽ) വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എച്ച്.ഡി.എഫ്.സി/ഐ.സി.ഐ.സി.ഐ ബാങ്കുകളുടെ മേലുള്ള നിയന്ത്രണം

20 (5690) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എച്ച്.ഡി.എഫ്.സി/ഐ.സി.ഐ.സി.ഐ. തുടങ്ങിയ ബാങ്കുകളുടെ പ്രവർത്തനത്തിന്മേൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ കാര്യത്തിൽ എങ്ങനെയൊക്കെ എന്ന് വിശദമാക്കുമോ ?

ഉത്തരം

ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly